**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2710** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണസ്ഥാപനങ്ങളിലെ അപ്രൈസർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സ്വർണ്ണപ്പണയവായ്പ അനുവദിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ അപ്രൈസർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 80(1) ചട്ടം 182 അനുബന്ധം III പ്രകാരം സർവ്വീസ് സഹകരണ ബാങ്കുകളിൽ അപ്രൈസർ തസ്തിക അനുവദനീയമല്ല. എന്നിരുന്നാലും സ്വർണ്ണ പണയ വായ്പ അനുവദിച്ച് വരുന്ന സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 15.07.2015 ലെ സ.ഉ.(കൈ) 87/2015/സഹ. നമ്പർ ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി കമ്മീഷൻ വ്യവസ്ഥയിൽ അപ്രൈസർ തസ്തിക ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള സംഘങ്ങളുടെ അപേക്ഷ പരിഗണിച്ച് നിബന്ധനകൾക്ക് വിധേയമായി ശമ്പള സ്കെയിലിൽ അപ്രൈസർ കം പ്യൂൺ തസ്തികയും അനുവദിക്കാറുണ്ട്. എന്നാൽ സഹകരണ നിയമം അനുബന്ധം III പ്രകാരം അർബൻ സഹകരണ ബാങ്കുകളിൽ അപ്രൈസർ തസ്തിക അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയുടെ സേവനവേതന വ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/ വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് 15.07.2015 ലെ സ.ഉ(കൈ) 87/2015/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അപ്രൈസർ തസ്തിക സംബന്ധമായ പഠനങ്ങൾ നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ? | (സി) | കമ്മിറ്റി രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ